

# പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിലും മികവ് വർധനവ് ചരിത്രത്തിലെ നാഴികക്കല്ല്

**കെ. വിമലൻ**
ജോയിന്റ് ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്)

തകർച്ചയുടെ പടിവാതിലിൽനിന്ന് പൊതുവിദ്യാഭ്യാസമേഖല കുതിച്ചുയരുകയാണ്. ഇനിയൊരിക്കലും ആരുതന്നെ കരുതിയാലും രക്ഷപ്പെടുത്താനാവില്ല എന്ന നിരാശയിൽനിന്ന് ആത്മവിശ്വാസത്തിന്റെയും ആഹ്ലാദത്തിന്റെയും പുതിയ വഴികളിൽ നാം മുന്നേറുകയാണ്. മതനിരപേക്ഷവും ജനാധിപത്യപരവുമായ പൊതുവിദ്യാലയാന്തരീക്ഷമാണ് ആധുനിക കേരളത്തെ വികസിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചത്. അതുകൊണ്ടുതന്നെ പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണം നമ്മുടെ സംസ്കൃതിയെത്തന്നെ മുന്നോട്ടു നയിക്കാനുള്ള പ്രക്രിയയാണ്. ഈ കാഴ്ചപ്പാടോടെ പൊതുവിദ്യാഭ്യാസവകുപ്പ് കഴിഞ്ഞ 2 വർഷമായി നടത്തിവന്ന പ്രവർത്തനങ്ങൾ വിജയം കാണുകയാണ്. വിദ്യാഭ്യാസവകുപ്പിന്റെ 'ചരിത്രത്തിലെ നാഴികക്കല്ല്' എന്ന് വിശേഷിപ്പിക്കാവുന്ന കണക്കുകളാണ് കുട്ടികളുടെ എണ്ണത്തിലുണ്ടായ വർധനവിനെ സംബന്ധിച്ച് നമുക്കു ലഭ്യമായത്. കഴിഞ്ഞ 28 വർഷത്തിനുശേഷം ആദ്യമായി ഈ വർഷം മൊത്തം കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തെക്കാൾ വർധനവു രേഖപ്പെടുത്തിയിരിക്കുന്നു. 1991-92-ൽ പൊതുവിദ്യാലയങ്ങളിലെ 1 മുതൽ 10 വരെ ക്ലാസിൽ 59 ലക്ഷത്തിലേറെ കുട്ടികൾ ഉണ്ടായിരുന്നെങ്കിൽ പിന്നീട് ഓരോ വർഷവും പല കാരണങ്ങളാലും കുട്ടികൾ കുറഞ്ഞുകൊണ്ടേയിരുന്നു. 2016-17 ആകുമ്പോൾ ഇത് ഏകദേശം 33 ലക്ഷം എന്ന നിലയിലെത്തി. ഈ കുറവിന്റെ പ്രവണതയെ മാറ്റിമറിച്ചാണ് നാം ഈ ചരിത്രനേട്ടത്തിലെത്തിയത്. സർക്കാർ സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള എല്ലാ ക്ലാസുകളിലും വർദ്ധന രേഖപ്പെടുത്തിയപ്പോൾ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസൊഴികെ എല്ലാ ക്ലാസുകളിലും വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ അൺഎയ്ഡഡ് സ്കൂളുകളിൽ എല്ലാ ക്ലാസുകളിലും ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ കുറവു സംഭവിച്ചു. പൊതുവായി സർക്കാർ എയ്ഡഡ് മേഖലയിൽ കഴിഞ്ഞ 28 വർഷവും ശരാശരി ഓരോ വർഷവും 50000 മുതൽ 100000 വരെ കുട്ടികൾ മുൻവർഷത്തെക്കാൾ കുറഞ്ഞുകൊണ്ടിരുന്നുവെങ്കിൽ ഈ വർഷം ആകെ എണ്ണത്തിൽ 32,349 കുട്ടികൾ ആറാം പ്രവൃത്തിദിന കണക്കു പ്രകാരം വർദ്ധിച്ചു. ഈ വർദ്ധനവ് പൊതുവിദ്യാഭ്യാസമേഖലയിലെ കാൽനൂറ്റാണ്ടുകാലത്തെ ചരിത്രം പരിശോധിച്ചാൽ നാഴികക്കല്ലായി നിലനിൽക്കും. സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ 1994-95 മുതൽ 2018-19 വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവുമുള്ള ആകെ കുട്ടികളുടെ എണ്ണം ചുവടെയുള്ള പട്ടികയിൽ സൂചിപ്പിക്കുന്നു.

## സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിലെ കുട്ടികളുടെ എണ്ണം 1990 – 91 മുതൽ 2018 – 19

| ക്രമ നം. | വർഷം | ആകെ | വളർച്ച | ക്രമ നം. | വർഷം | ആകെ | വളർച്ച |
|---|---|---|---|---|---|---|---|
| 1 | 1990-91 | 5753386 | | 16 | 2005-06 | 4423923 | 89471 |
| 2 | 1991-92 | 5751613 | 1773 | 17 | 2006-07 | 4355075 | 68848 |
| 3 | 1992-93 | 5719965 | 31648 | 18 | 2007-08 | 4259634 | 95441 |
| 4 | 1993-94 | 5633172 | 86793 | 19 | 2008-09 | 4179166 | 80468 |
| 5 | 1994-95 | 5537088 | 96084 | 20 | 2009-10 | 4092916 | 86250 |
| 6 | 1995-96 | 5435543 | 101545 | 21 | 2010-11 | 3988473 | 104443 |
| 7 | 1996-97 | 5327535 | 108008 | 22 | 2011-12 | 3862461 | 126012 |
| 8 | 1997-98 | 5214244 | 113291 | 23 | 2012-13 | 3599018 | 263443 |
| 9 | 1998-99 | 5100573 | 113671 | 24 | 2013-14 | 3481335 | 117683 |
| 10 | 99-2000 | 5007488 | 93085 | 25 | 2014-15 | 3424786 | 56549 |
| 11 | 2000-01 | 4961525 | 45963 | 26 | 2015-16 | 3363011 | 61775 |
| 12 | 2001-02 | 4838966 | 122559 | 27 | 2016-17 | 3289811 | 73200 |
| 13 | 2002-03 | 4737347 | 101619 | 28 | 2017-18 | 3267506 | 22305 |
| 14 | 2003-04 | 4624356 | 112991 | 29 | 2018-19 | 3299855 | 32349 |
| 15 | 2004-05 | 4513394 | 110962 | | | | |

### കുട്ടികളുടെ എണ്ണം; പൊതുവിദ്യാലയങ്ങളിലെ പ്രവണത (1994 – 95 മുതൽ 2018 – 19 വരെ)




### കുട്ടികളുടെ എണ്ണത്തിലെ ഇടർച്ചയും വളർച്ചയും (1990 – 91 മുതൽ 2018 – 19 വരെ)




2018-19 അധ്യയന വർഷം സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ 10,048 കുട്ടികൾ ഒന്നാം ക്ലാസിൽ കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധിച്ചപ്പോൾ 2 മുതൽ 9 വരെ ക്ലാസുകളിൽ 1,75,893 കുട്ടികൾ പുതുതായി വന്നു ചേർന്നു. ഒന്നാം ക്ലാസിലുണ്ടായിട്ടുള്ള വർദ്ധനവും 2 മുതൽ 9 വരെ പുതുതായി വന്നു ചേർന്നിട്ടുള്ള കുട്ടികൾ ഉൾപ്പെടെ 1 മുതൽ 9 വരെയുള്ള ക്ലാസുകളിൽ ആകെ 1,85,971 കുട്ടികളുടെ വർദ്ധനവാണ് 2018-19 അധ്യയന വർഷമുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയതിനു ശേഷം 1 മുതൽ 9 വരെ ക്ലാസുകളിൽ 2017-18 അധ്യയന വർഷം കൂടുതലായി വന്നിട്ടുള്ള 1,57,406 കുട്ടികളും 2018-19 അധ്യയന വർഷം വർദ്ധിച്ചിട്ടുള്ള 1,85,971 കുട്ടികളും ഉൾപ്പെടെ 3,43,377 കുട്ടികൾ പൊതുവിദ്യാഭ്യാസ മേഖലയിൽ രണ്ടു വർഷങ്ങളിലായി ആകെ വന്നു ചേർന്നു. സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ എണ്ണവും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയതിനു ശേഷം 2017-18, 2018-19 എന്നീ വർഷങ്ങളിൽ കൂടുതലായി വന്നു ചേർന്ന കുട്ടികളുടെ കണക്ക് വ്യക്തമാക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

## സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ എണ്ണം 2016–17 മുതൽ 2018–19

| ക്ലാസ്സ് | 2016–17 | | | 2017–18 | | | 2018–19 | | |
|---|---|---|---|---|---|---|---|---|---|
| | ഗവ. | എയ്ഡഡ് | ആകെ | ഗവ. | എയ്ഡഡ് | ആകെ | ഗവ. | എയ്ഡഡ് | ആകെ |
| 1 | 91210 | 158323 | 249533 | 96913 | 164818 | 261731 | 102697 | 169112 | 271809 |
| 2 | 94485 | 166040 | 260525 | 94839 | 164797 | 259636 | 102728 | 173441 | 276169 |
| 3 | 96754 | 172120 | 268874 | 98100 | 172336 | 270436 | 100442 | 173343 | 273785 |
| 4 | 98728 | 176752 | 275480 | 99395 | 178054 | 277449 | 103829 | 180059 | 283888 |
| 5 | 100445 | 219786 | 320231 | 97802 | 218063 | 315865 | 100572 | 222579 | 323151 |
| 6 | 102932 | 231231 | 334163 | 103721 | 230766 | 334487 | 103878 | 231524 | 335402 |
| 7 | 109395 | 241220 | 350615 | 106057 | 237610 | 343667 | 108697 | 240263 | 348960 |
| 8 | 135828 | 251208 | 387036 | 136290 | 244408 | 380698 | 136794 | 244597 | 381391 |
| 9 | 145873 | 269078 | 414951 | 144583 | 264844 | 409427 | 141037 | 256079 | 397116 |
| 10 | 150593 | 271207 | 421800 | 149012 | 265098 | 414110 | 145299 | 262885 | 408184 |
| ആകെ | 1126243 | 2156965 | 3283208 | 1126712 | 2140794 | 3267506 | 1145973 | 2153882 | 3299855 |
| ആകെ (1–9) | 975650 | 1885758 | 2861408 | 977700 | 1875696 | 2853396 | 1000674 | 1890997 | 2891671 |

## സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ 2017–18, 2018–19 എന്നീ വർഷങ്ങളിലെ വളർച്ച

| ക്ലാസ്സ് | 2017–18 | | | 2018–19 | | | ആകെ വളർച്ച 2017–18 & 2018–19 |
|---|---|---|---|---|---|---|---|
| | ഗവ. | എയ്ഡഡ് | ആകെ | ഗവ. | എയ്ഡഡ് | ആകെ | |
| 1 | 5703 | 6495 | 12198 | 5784 | 4294 | 10078 | 22276 |
| 2 | 3629 | 6474 | 10103 | 5815 | 8623 | 14438 | 24541 |
| 3 | 3615 | 6296 | 9911 | 5603 | 8546 | 14149 | 24060 |
| 4 | 2641 | 5934 | 8575 | 5729 | 7723 | 13452 | 22027 |
| 5 | 926 | 41311 | 40385 | 1177 | 44525 | 45702 | 86087 |
| 6 | 3276 | 10980 | 14256 | 6076 | 13461 | 19537 | 33793 |
| 7 | 3125 | 6379 | 9504 | 4976 | 9497 | 14473 | 23977 |
| 8 | 26895 | 3188 | 30083 | 30737 | 6987 | 37724 | 67807 |
| 9 | 8755 | 13636 | 22391 | 4747 | 11671 | 16418 | 38809 |
| 10 | 3139 | 3980 | 841 | 716 | 1959 | 1243 | 2084 |
| ആകെ | 59852 | 96713 | 156565 | 71360 | 113368 | 184728 | 341293 |
| ആകെ (1–9) | 56713 | 100693 | 157406 | 70644 | 115327 | 185971 | 343377 |

2017–18 അധ്യയന വർഷം പോലെ 2018–19 അധ്യയന വർഷവും സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഏറ്റവും കൂടുതൽ കുട്ടികളുടെ വർദ്ധനവ് രേഖപ്പെടുത്തിയത് അഞ്ചാം ക്ലാസിലും (45,702) എട്ടാം ക്ലാസിലും (37,724) ആണ്. മറ്റ് ക്ലാസുകളിൽ ശരാശരി 10000 കുട്ടികളുടെ വർദ്ധനവ് ഉണ്ട്. പ്രൈമറി/യു.പി. തലം വരെ ഇതര സിലബസുകളിൽ പഠിക്കുന്ന കുട്ടികൾ അടുത്ത തലം വരുമ്പോൾ പൊതുവിദ്യാലയങ്ങളിൽ ചേരുന്നതിനുള്ള താൽപര്യവും അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠനം നടത്തുന്നതിനെതിരെ സർക്കാർ നൽകി വരുന്ന ബോധന പരിപാടികളുമാണ് 5, 8 ക്ലാസുകളിൽ ഉണ്ടായിട്ടുള്ള വൻ വർദ്ധനവിനു കാരണം.

### 2018–19–ലെ വളർച്ച – ക്ലാസ് അടിസ്ഥാനത്തിൽ




2017–18 അധ്യയന വർഷം പത്താം ക്ലാസിൽ 4,44,499 കുട്ടികളാണ് സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലായി ആകെ പൊതുവിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരുന്നത്. ഈ കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷയോടെ പത്താം ക്ലാസ് പൂർത്തിയായി അടുത്ത തലത്തിലേക്ക് പോകുമ്പോൾ തൊട്ടടുത്ത 2018–19 അധ്യയന വർഷം പൊതുവിദ്യാഭ്യാസ മേഖലയിലെ ആകെ കുട്ടികളുടെ എണ്ണം ഒന്നാം ക്ലാസിൽ ചേർന്ന ആകെ കുട്ടികൾ, 1 മുതൽ 9 വരെ ക്ലാസുകളിൽ നിന്നും പ്രമോഷൻ കിട്ടി 2 മുതൽ 10 വരെയുള്ള ക്ലാസുകളിൽ എത്തുന്ന കുട്ടികൾ, ആ അധ്യയന വർഷം തന്നെ 2 മുതൽ 10 വരെയുള്ള ക്ലാസുകളിൽ മറ്റ് മേഖലകളിൽ നിന്നും പുതിയതായിവന്നു ചേരുന്ന കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ്. ഇപ്രകാരം ആറാം പ്രവൃത്തിദിന കണക്കനുസരിച്ച് 2018–19 അധ്യയന വർഷം ഒന്നാം ക്ലാസിൽ സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ വർദ്ധിച്ച 10,048 കുട്ടികൾ ഉൾപ്പെടെയുള്ള ഒന്നാം ക്ലാസിലുള്ള 3,24,529 കുട്ടികൾ, സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ തന്നെ 1 മുതൽ 9 വരെ ക്ലാസുകളിൽ നിന്നും പ്രമോഷൻ കിട്ടി 2 മുതൽ 10 വരെ ക്ലാസുകളിൽ എത്തിയ കുട്ടികളോടൊപ്പം പുതിയതായി വന്നു ചേർന്ന 1,74,650 കുട്ടികൾ, 2 മുതൽ 10 വരെ അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ കുറവു വന്ന 31,602 കുട്ടികൾ ഉൾപ്പെടെ 2018–19 അധ്യയന വർഷം 1 മുതൽ 10 വരെ പൊതുവിദ്യാഭ്യാസമേഖലയിൽ സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലുള്ള ആകെ കുട്ടികളുടെ എണ്ണം 37,03,818. ആകെയുള്ള കുട്ടികളിൽ 31% സർക്കാർ സ്കൂളുകളിലും, 58% സർക്കാർ എയ്ഡഡ് സ്കൂളുകളിലും, 11% അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലും പഠിക്കുന്നു.

### കുട്ടികളുടെ എണ്ണം 2018–19

| ക്രമ നം. | മേഖല | കുട്ടികളുടെ എണ്ണം | % |
|---|---|---|---|
| 1 | ഗവ. | 1145973 | 31 |
| 2 | എയ്ഡഡ് | 2153882 | 58 |
| 3 | അൺഎയ്ഡഡ് | 403963 | 11 |
| ആകെ | | 3703818 | 100 |

### കുട്ടികളുടെ എണ്ണം 2018–19




2018–19 അധ്യയനവർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കു പ്രകാരം ജില്ലാടിസ്ഥാനത്തിൽ നടത്തിയ വിശകലനത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- ജില്ലാടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് മലപ്പുറത്തും (7,31,521) ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ് (85,819)
- ഇടുക്കിയൊഴികെയുള്ള എല്ലാ ജില്ലകളിലും ആകെ കുട്ടികളുടെ എണ്ണത്തിൽ സർക്കാർ മേഖലയിൽ വർദ്ധനവ് രേഖപ്പെടുത്തി.
- സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) എന്നീ എല്ലാ മേഖലയിലും വർദ്ധനയുള്ളത് കാസർകോഡാണ്.
- എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ സർക്കാർ, സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) എന്നീ മേഖലയിലെ ആകെ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.
- മുൻ വർഷത്തെ അപേക്ഷിച്ചു സർക്കാരിലും സർക്കാർ എയ്ഡഡ് മേഖലയിലും ആകെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ളത് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലാണ്.
- ജില്ലാടിസ്ഥാനത്തിൽ ഒന്നാം ക്ലാസിലുണ്ടായിട്ടുള്ള വർദ്ധനവും 2 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ഈ വർഷം പുതിയതായി വന്നു ചേർന്ന കുട്ടികളുടെ കണക്കും പ്രകാരം ഏറ്റവും കൂടുതൽ കുട്ടികളുടെ വർദ്ധനവ് മലപ്പുറത്ത് (32,964) തൊട്ടടുത്ത് കോഴിക്കോട് (20,043), പാലക്കാട് (17,197), കണ്ണൂർ (16,802), കൊല്ലം (16,720), തിരുവനന്തപുരം (15,777). ഏറ്റവും കുറവ് വർദ്ധന രേഖപ്പെടുത്തിയത് വയനാട് (3,501) ജില്ലയിലാണ്.

*(ശേഷം 45–ാം പേജിൽ)*



തയ്യാറാക്കിയ തിരക്കഥയിലെ നായികയായി അണിയറയിൽ അവൾ നിറഞ്ഞാടി. അകലാൻ ശ്രമിക്കുന്തോറും കൂടുതൽ കൂടുതൽ ശക്തമാകുന്ന ആന്തരികചോദനയെ ആട്ടിയകറ്റാൻ നിരന്തരം ശ്രമിക്കുമ്പോഴും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള തീവ്രാഭിനിവേശത്തെ തടുക്കാനവൾക്കായില്ല.

യഥാർത്ഥത്തിൽ അയാളുമായി എന്തുബന്ധമാണുള്ളത്. എങ്കിലും ചിരപരിചിതമായ എന്തോ ഒന്ന് അയാളിലേക്കവളെ അടുപ്പിച്ചുകൊണ്ടേയിരുന്നു. വ്യർത്ഥമായ കാത്തിരിപ്പുകൾ... ഹൃദയത്തിന്റെ ലോലതന്ത്രികളിൽ മുട്ടിവിളിക്കുന്ന മധുരമൂറുന്ന നൊമ്പരങ്ങൾ സമ്മാനിക്കുന്ന സമ്മോഹനമായ ഓർമ്മകൾ... എല്ലാം വെറും സങ്കല്പമാണെന്ന തിരിച്ചറിവുകൾ അരുന്ധതിയെ തളർത്തി.

പടിഞ്ഞാറൻകാറ്റിന്റെ ഇളംസ്പർശം ജനാലയിലൂടെ വന്നവളെ ആശ്വസിപ്പിച്ചു. പോക്കുവെയിലിന്റെ പൊന്നോളങ്ങൾ വീണ്ടുമവളെ ചുംബിച്ചുണർത്തി. യൗവ്വനത്തിന്റെ തീക്ഷ്ണവികാരങ്ങൾ എന്നെന്നേക്കുമായി വിട്ടകലുന്നതും മറവിയുടെ നേർത്ത പുകപടലങ്ങൾ ചൂഴ്ന്നിറങ്ങുന്നതും അകാലവാർദ്ധക്യത്തിന്റെ നൂലിഴകളാൽ മനസ്സും ശരീരവും ബന്ധനത്തിലാക്കപ്പെടുന്നതും അവളറിഞ്ഞതേയില്ല. തിളക്കം നഷ്ടപ്പെട്ട കണ്ണുകളിൽ നിന്നും നീരുറവ വറ്റിവരളുമ്പോഴും ഏതോ പ്രതീക്ഷയുടെ തീക്കനലുകൾ ഇടയ്ക്കിടയ്ക്ക് ആത്മാവിനെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. മരുപ്പച്ചകൾക്കുമപ്പുറത്തേക്ക് നിശ്ശബ്ദമായ തേങ്ങലുകൾ നേർത്ത ശീലുകളായ് വിലയം പ്രാപിച്ചു.

ഹൃദയഭാരം താങ്ങാനാവാതെ ശൂന്യതയിലേക്ക് മിഴികളർപ്പിച്ച് ജാലകത്തിനുമിപ്പുറം നിശ്ചേതനയായി അവളിരുന്നു. ക്ഷണികങ്ങളായ ചില കാഴ്ചകൾ മനോമുകുരത്തിൽ മിന്നിത്തെളിയുകയും കെട്ടുപോവുകയും ചെയ്തുകൊണ്ടിരുന്നു. കണ്ണുകളിലിരുട്ടു പരക്കുന്നതും ശരീരം തളർന്ന് ഭാരമകലുന്നതും വ്യക്തമായവളറിഞ്ഞു. മറവിയുടെ ഇരുണ്ട ആഴങ്ങളിലേക്ക് വേരുകൾ പടർത്തി മറഞ്ഞുപോയ ഓർമ്മകളിലേക്ക് അവളെ ഭ്രമിപ്പിച്ച മുഖം അലിഞ്ഞില്ലാതാകുന്നതും ഗാംഭീര്യമാർന്നതും സാന്ത്വനം പകർന്നതുമായ സ്വരം കാതുകൾക്കന്യമാവുന്നതും ആദിമമായൊരനുഭൂതി തന്നെ ചുറ്റിപ്പിണയുന്നതും അവ്യക്തമായവളിലേക്കടർന്നു വീണുകൊണ്ടിരുന്നു. ഇനിയൊരു തിരിച്ചുവരവില്ലാത്തവിധം ജീവിതത്തിന്റെ ഒഴുക്ക് പതുക്കെ നിലയ്ക്കുമ്പോഴും ശാന്തമായ ഒരു മധുരസ്മിതം അവളുടെ ചുണ്ടുകളിൽ തത്തിക്കളിക്കുന്നുണ്ടായിരുന്നു. അരുന്ധതിയുടെ മനോഹരമായ മുഖം അപ്പോഴും ഏതോ സ്വപ്നത്തിലെന്നവണ്ണം പ്രകാശപൂരിതമായി... അവളെ കാഴ്ചകളിലേക്ക് വിഭ്രമിപ്പിച്ചിരുന്ന, ഒരിക്കലും അടയാത്ത ജനവാതിലിനുമപ്പുറം പോക്കുവെയിലിന്റെ മൃദുകരങ്ങൾ അപ്പോഴും അവളുടെ ഉടലിനെ തൊട്ടുതലോടുന്നുണ്ടായിരുന്നു.

ഷീജ കെ.വി.
പനയ്ക്കൽ ഹൗസ്, കഴിമ്പ്രം, തൃശൂർ-680568

## പൊതുവിദ്യാലയങ്ങളിൽ...

*(41-ാം പേജിൽനിന്നും തുടർച്ച)*

- എല്ലാ ജില്ലകളിലും ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികളുടെ എണ്ണത്തിൽ സർക്കാർ മേഖലയിൽ വർദ്ധനവ്. ഇതിൽ ഏറ്റവും കൂടുതൽ മലപ്പുറത്ത്.
- സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് (6.4 ലക്ഷം) മലപ്പുറം ജില്ലയിലാണ്. കോഴിക്കോട് (3.6 ലക്ഷം), പാലക്കാട് (3.1 ലക്ഷം), കണ്ണൂർ (2.8 ലക്ഷം), തൃശൂർ (2.8 ലക്ഷം), തിരുവനന്തപുരം (2.5 ലക്ഷം), കൊല്ലം (2.2 ലക്ഷം), എറണാകുളം (2.2 ലക്ഷം), ആലപ്പുഴ (1.6 ലക്ഷം), കാസറഗോഡ് (1.5 ലക്ഷം), കോട്ടയം (1.4 ലക്ഷം), വയനാട് (1 ലക്ഷം), ഇടുക്കി (0.9 ലക്ഷം) പത്തനംതിട്ട (0.76 ലക്ഷം) എന്നിങ്ങനെയാണ് മറ്റു ജില്ലയിലെ കണക്കുകൾ.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വഴി വിദ്യാഭ്യാസവകുപ്പ് ഉയർത്തിവിട്ട ആശയം ജനമനസ്സുകളിൽ സ്ഥാനം പിടിച്ചു എന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇതൊരു കൂട്ടായ യത്നത്തിന്റെ ഫലമാണ്. അധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹവും കുട്ടികളും വിദ്യാഭ്യാസവകുപ്പിലെ മുഴുവൻ ജീവനക്കാരും ഒത്തുചേർന്ന് കൈവരിച്ച നേട്ടം. ജനങ്ങളുടെ ചിന്തയിൽ പൊതുവിദ്യാലയങ്ങളാണ് സംരക്ഷിക്കപ്പെടേണ്ടത് എന്ന തിരിച്ചറിവുണ്ടായിരിക്കുന്നു. ഇതിനെ സുസ്ഥിരമാക്കാനുള്ള പ്രവർത്തനമാണ് നമുക്ക് ഏറ്റെടുക്കേണ്ടി വരിക.

■